LIBRARY ARCHIVES Kerala Legislative Assembly

മീൻവല്ലം ജലവൈദ്യുത പദ്ധതി

120 (3920) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ആരംഭിച്ച മീൻവല്ലം ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വൈദ്യുതി ബോർഡ് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി ബോർഡ് ഏത് തരത്തിലുള്ള സഹായമാണ് ഇപ്പോൾ നൽകുന്നത് എന്നതിന്റെ വിശദാംശം നല്കുമോ ;

(സി) എത്ര മെഗാവാട്ട് സ്ഥാപിതശേഷി ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കാനുള്ള അനുമതി 1998 ഏപ്രിലിൽ നൽകിയത്.

1. പ്രസ്തുത പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ ഒപ്പു വെച്ചിട്ടില്ല.

2. പദ്ധതിക്കാവശ്യമായ പണം സമാഹരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. പ്രസ്തുത പണം കണ്ടെത്തുന്നതിനായി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് (കെ.എം.എം.എൽ.) നേരിട്ട് വൈദ്യുതി വിൽക്കുന്നതിനോ അല്ലെങ്കിൽ കെഎംഎംഎൽ-ന്റെ ക്യാപ്റ്റീവ് പ്രോജക്റ്റായി ഈ പദ്ധതിയെ അനുവദിക്കുന്നതിനോ അനുമതി നൽകണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം പരിശോധിച്ചുവരുന്നു.

(ബി) വൈദ്യുതി വാങ്ങൽ കരാർ ഒപ്പുവച്ച് വൈദ്യുതി വാങ്ങുകയെന്നല്ലാതെ, ബോർഡ് മറ്റ് സഹായങ്ങളൊന്നും നൽകേണ്ടതില്ല.

(സി) 3 മെഗാവാട്ട്.

നല്ലളം ഡീസൽ പ്ലാന്റിലെ ജീവനക്കാർ

121 (3921) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നല്ലളം ഡീസൽ പ്ലാന്റിൽ എത്ര ജനറേറ്ററുകൾ ഉണ്ട് ; അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ് ;

(ബി) ജനറേറ്ററുകൾ പ്രവർത്തനക്ഷമമല്ലാതായിട്ട് എത്ര മാസമായെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(സി) സ്പെയർപാർട്സ് ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഡീസൽ പ്ലാന്റിൽ എത്ര ജീവനക്കാരുണ്ട് ; തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ ; ഇവരിൽ സ്ഥിരം ജീവനക്കാർ എത്ര ; താല്ക്കാലിക ജീവനക്കാർ എത്ര എന്ന് അറിയിക്കാമോ ;

(ഇ) ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലായി എത്ര പേരെ കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) ഈ നടപടി ഡീസൽ പ്ലാന്റിന്റെ പ്രവർത്തനത്തെ തകരാറിലാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇതൊഴിവാക്കാമോ ;

(ജി) ഡീസൽ പ്ലാന്റ് സ്വകാര്യവത്കരിക്കാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 8 ജനറേറ്ററുകൾ ഉണ്ട്. അവയിൽ 6 എണ്ണം പ്രവർത്തനക്ഷമമാണ്.

(ബി) ജനറേറ്റർ നമ്പർ 4 പ്രവർത്തനക്ഷമമല്ലാതായിട്ട് അഞ്ച് മാസവും ജനറേറ്റർ നമ്പർ 2 ഒരു മാസവും ആയി. റിപ്പയർ വർക്കിനുവേണ്ടി ഇവ നിർത്തി വച്ചിരിക്കയാണ്. റിപ്പയർ വർക്ക് നടന്നുകൊണ്ടിരിക്കയാണ്.

(സി) ഉണ്ട്.

(ഡി) നല്ലളം ഡീസൽ പ്ലാന്റിൽ ഇപ്പോൾ ആകെ 100 ജീവനക്കാരാണുള്ളത്. ഇതിൽ 48 പേർ സ്ഥിരം ജീവനക്കാരും 52 പേർ കോൺട്രാക്ട് ജീവനക്കാരുമാണ്. തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) ഉണ്ട്. ഏതെല്ലാം തസ്തികയിൽ എത്ര പേരെ കുറയ്ക്കണമെന്ന് തീരുമാനമായിട്ടില്ല.

(എഫ്) ഡീസൽ പ്ലാന്റിന്റെ പ്രവർത്തനം തകരാറിലാകാത്ത വിധത്തിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിച്ചാണ് മേൽ നടപടി സ്വീകരിച്ചിട്ടുള്ളത്.

(ജി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly